മണിയംപാറ 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണം

10 (4618) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം മണ്ഡലത്തിലെ മണിയംപാറ 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) സബ് സ്റ്റേഷൻ ജോലികൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ;

(സി) സബ് സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സബ് സ്റ്റേഷൻ നിർമ്മാണ ജോലികൾ സ്ഥലം ലഭ്യമായതിന് ശേഷമേ ആരംഭിക്കാൻ കഴിയുകയുള്ളൂ.

(സി) സബ് സ്റ്റേഷൻ നിർമ്മാണത്തിന് 2003-2004 ബഡ്ജറ്റിൽ 7,50,000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

താമരക്കുളം 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ

11 (4619) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട താമരക്കുളം കേന്ദ്രമാക്കി ഒരു 33 കെ. വി. സബ്സ്റ്റേഷൻ പണിയുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ?

(ബി) ഉണ്ടെങ്കിൽ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തെക്കൊയാണ് തടസ്സങ്ങൾ എന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സബ്സ്റ്റേഷൻ വരുന്നതുമൂലം ജനങ്ങൾക്കും ബോർഡിനും എന്തൊക്കെയാണ് പ്രയോജനമെന്ന് വിശദമാക്കാമോ ;

(ഡി) താമരക്കുളം 33 കെ. വി സബ്സ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഈ പ്രദേശത്തിനുകൂടി പ്രയോജനം കിട്ടത്തക്ക രീതിയിൽ വള്ളിക്കുന്നം കേന്ദ്രമാക്കി ഒരു 33 കെ. വി. സബ്സ്റ്റേഷൻ പണി ആരംഭിക്കുന്നതിനുള്ള ന്ടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വള്ളിക്കുന്നത്ത് സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) വള്ളിക്കുന്നത്തെയും പരിസരപ്രദേശങ്ങളിലേയും താമരക്കുളത്തെയും വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടും. കൂടാതെ ബോർഡിന്റെ പ്രസരണ വിതരണ നഷ്ടം കുറയും.

(ഡി) വള്ളിക്കുന്നം സബ്സ്റ്റേഷൻ നിർമ്മാണം സമയബന്ധിതമായി പൂർത്തികരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പന്തളം കേന്ദ്രീകരിച്ചുള്ള 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം

12 (4620) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം നിയോജകമണ്ഡലത്തിലെ പത്തനംതിട്ട ജില്ലയിൽപ്പെട്ട പന്തളം കേന്ദ്രീകരിച്ചുള്ള 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച് ഇതുവരെയുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) എന്തൊക്കെ കാരണങ്ങളാലാണ് പന്തളം 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ ജോലികൾ താമസിക്കുന്നത് എന്ന് വിശദമാക്കാമോ ;

(സി) സമയബന്ധിതമായി ഈ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത 33 കെ. വി. സബ് സ്റ്റേഷൻ പണി പൂർത്തിയാക്കുന്നതോടെ എന്തൊക്കെ ഗുണങ്ങളാണ് ബോർഡിനും ജനങ്ങൾക്കും ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പന്തളം 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണത്തിനുവേണ്ട സ്ഥലം എടുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഇവിടേയ്ക്ക് വൈദ്യുതി നൽകുന്നതിനുള്ള ഇടപ്പോൺ സബ് സ്റ്റേഷനിലെ 110/33-ലെ എക്സ്റ്റൻഷൻ പണികൾ പൂർത്തികരിച്ചു വരുന്നു.

(ബി) സ്ഥലം എടുക്കുന്നതിനുള്ള കാലതാമസം മൂലമാണ് നിർമ്മാണ ജോലികൾ തുടങ്ങാൻ താമസിച്ചത്. ഇപ്പോൾ സ്ഥലം എടുക്കുന്ന ജോലികൾ അന്തിമ ഘട്ടത്തിലാണ്.

(സി) നിർമ്മാണ ജോലികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്.

(ഡി) സബ്സ്റ്റേഷൻ പണി പൂർത്തിയാക്കുന്നതോടെ പന്തളത്തും പരിസരപ്രദേശത്തുമുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുകയും ബോർഡിന്റെ പ്രസരണ വിതരണനഷ്ടം കുറയുകയും ചെയ്തു. വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കാൻ സാധിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly